**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ-695035
ഫോൺ:04712302490 ഫാക്സ്:04712303025/20303080
**ഇ-മെയിൽ:**dhskerala.hlth@kerala.gov.in
**വെബ്സൈറ്റ്:** www.dhs.kerala.gov.in

## നോട്ടീസ്

നം. ഇ എസ്-5/16110/2025/ആ.വ.ഡ തീയതി: 02-07-2025

വിഷയം: ആരോഗ്യവകുപ്പിൽ സ്പെഷാലിറ്റി കേഡർ ഓപ്റ്റ് ചെയ്ത മെഡിക്കൽ ഓഫീസർമാരുടെ 2020-ലെ അന്തിമ ഓപ്റ്റഡ് സീനിയോറിറ്റി ലിസ്റ്റിൽ (31.12.2019 വരെ സർവീസിൽ പ്രവേശിച്ചവരുടെയും 31.12.2019 വരെ പി ജി ഡിഗ്രി / ഡിപ്ലോമ യോഗ്യത നേടിയവരുടെ ലിസ്റ്റ്) ഒബ്സ്റ്റേട്രിക്സ് & ഗൈനക്കോളജി വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തികരിച്ചിട്ടില്ലാത്തവരുടെ ലിസ്റ്റിൽ ( ലിസ്റ്റ് -II ) സീനിയോറിറ്റി നമ്പർ-11 ആയി ഉൾപ്പെട്ട ഡോ. നിഖിൽ. ഇ-യെ ടി സീനിയോറിറ്റി പട്ടികയിൽ നിന്നും താൽക്കാലികമായി നീക്കം ചെയ്തുകൊണ്ട് നോട്ടീസ് പ്രസിദ്ധീകരിക്കുന്നു.

സൂചന:
1. ജി.ഒ(പി)നം.69/2010/H&FWD തീയതി.17.02.2010
2. Order No. ES-7/1291/2020/DHS Dated. 27.05.2020.
3 . ഉത്തരവ് നം. ഇഎ-4/ 2551/2025/ആ. വ. ഡ തീയതി.11.06.2025.

ആരോഗ്യവകുപ്പിൽ സ്പെഷാലിറ്റി കേഡർ ഓപ്റ്റ് ചെയ്ത മെഡിക്കൽ ഓഫീസർമാരുടെ 2020-ലെ അന്തിമ ഓപ്റ്റഡ് സീനിയോറിറ്റി ലിസ്റ്റിൽ (31.12.2019 വരെ സർവീസിൽ പ്രവേശിച്ചവരുടെയും 31.12.2019 വരെ പി ജി ഡിഗ്രി / ഡിപ്ലോമ യോഗ്യത നേടിയവരുടെ ലിസ്റ്റ് ) ഒബ്സ്റ്റേട്രിക്സ് & ഗൈനക്കോളജി വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തികരിച്ചിട്ടില്ലാത്തവരുടെ ലിസ്റ്റിൽ (ലിസ്റ്റ്-II) സീനിയോറിറ്റി നമ്പർ- 11 ആയി ഉൾപ്പെട്ട ഡോ. നിഖിൽ. ഇ 02.08.2019-ൽ സർവീസിൽ പ്രവേശിച്ചതായും, 30.04.2019-ൽ DGO യോഗ്യത നേടിയിരുന്നതായും സീനിയോറിറ്റി ലിസ്റ്റിൽ രേഖപ്പെടുത്തിട്ടുണ്ട്. എന്നാൽ സൂചന 3 പ്രകാരമുള്ള അസിസ്റ്റൻറ് സർജൻ കേഡറിലെ പ്രൊബേഷൻ പൂർത്തികരിച്ച ഉത്തരവിൽ ഡോ. നിഖിൽ. ഇ -ക്ക് 23.06.2020 മുതൽ 22.06.2022 വരെ കെ എസ് ആർ ഭാഗം-I അപ്പെൻഡിക്സ് XII ബി പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നതായും ശൂന്യവേതനാവധി കഴിഞ്ഞ് പുന;പ്രവേശിക്കുമ്പോൾ പുതിയ ജീവനക്കാരനായി മാത്രമേ പരിഗണിക്കൂ

എന്നും രേഖപ്പെടുത്തിട്ടുണ്ട്. തുടർന്ന് 26.10.2022-ൽ ടിയാൻ ചെന്നീർക്കര കുടുംബാരോഗ്യകേന്ദ്രത്തിൽ സേവനത്തിൽ പുന;പ്രവേശിച്ചു.

ഡോ.നിഖിൽ.ഇ സർവീസിൽ തിരികെ പ്രവേശിച്ചത് 26.10.2022-തീയതിയിൽ ആയതിനാൽ ടിയാന് 2020-ലെ അന്തിമ ഓപ്റ്റഡ് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയില്ല. അതിനാൽ ഡോ. നിഖിൽ. ഇ-യെ 2020-ലെ അന്തിമ ഓപ്റ്റഡ് സീനിയോറിറ്റി ലിസ്റ്റിൽ നിന്നും നീക്കം ചെയ്യാൻ താൽക്കാലികമായി തിരുമാനിച്ചിരിക്കുന്നു .

ടി താൽക്കാലിക തിരുമാനത്തിനെതിരെ താങ്കൾക്ക് ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ ഈ നോട്ടീസ് തീയതി മുതൽ 7 ദിവസത്തിനുള്ളിൽ രേഖാമൂലം ഉചിതമാർഗേനയോ, ഇ മെയിൽ (essectiondhs@gmail.com) മുഖാന്തിരമോ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ് . അല്ലാത്തപക്ഷം പ്രസ്തുത നോട്ടീസിനെതിരെ ആക്ഷേപമില്ലെന്ന നിഗമനത്തിൽ താൽക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

Signed by
Reena K J
Date: 02-07-2025 09:25:50

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ് :

വ്യക്തിക്ക് (ആരോഗ്യ വകുപ്പ് വെബ്സൈറ്റ് മുഖേന )

പകർപ്പ്:

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യ വകുപ്പ് വെബ്സൈറ്റ് മുഖേന )
2. ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക് ( " )
3. സീനിയർ സൂപ്രണ്ട് ഇ എ സെക്ഷൻ
4. ഇ എസ്-6 സെക്ഷൻ
5. ഫയൽ കരുതൽ ഫയൽ